"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യ ജീവി കറിപ്പ് -ജീവനക്കാര്യം -വനം വകുപ്പിൽ നെയ്യാർ വന്യ ജീവി സങ്കേതത്തിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനം അനുഷ്ഠിക്കുന്ന ശ്രീ അനസ് എ എസ് നു- പലിശരഹിത വായ്പ അനുവദിച്ചു- ഉത്തരവാകുന്നു.

---

വനം വന്യ ജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.244/2021/വനം തീയതി,തിരുവനന്തപുരം, 13/08/2021.

---

പരാമർശം:-

1. ജി.ഒ (പി) നം.45/1997/ ആ.ക.വ. തീയതി-18/02/1997.
2. ജി.ഒ (പി) നം.285/2000/ ആ.ക.വ. തീയതി-02/11/2000.
3. ജി.ഒ (പി) നം.298/2001/ ആ.ക.വ. തീയതി-20/11/2001.
4. ഭരണ വിഭാഗം ഉപ മുഖ്യ വനപാലകന്റെ 28.07.2021 തീയതിയിലെ എച്ച്2-194057/2021 നമ്പർ കത്ത്.

ഉത്തരവ്

വനം വന്യ ജീവി വകുപ്പിൽ നെയ്യാർ വന്യ ജീവി സങ്കേതത്തിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനം അനുഷ്ഠിക്കുന്ന ശ്രീ അനസ് എ എസ് നു, ടിയാന്റെ പിതാവിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അടിയന്തര ഹൃദ്രോഗ ചികിത്സക്കായി, 3.5 ലക്ഷം രൂപ പലിശരഹിത ചികിൽസാ വായ്പ അനുവദിക്കുന്നതിനായുള്ള ടിയാന്റെ അപേക്ഷയും, ബന്ധപ്പെട്ട ചികിൽസാ രേഖകളും, ശുപാർശ സഹിതം, പരാമർശം (4) പ്രകാരം ഭരണവിഭാഗം ഉപമുഖ്യ വനപാലകൻ സമർപ്പിക്കുകയുണ്ടായി.

2). സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വനം വകുപ്പിൽ നെയ്യാർ വന്യ ജീവി സങ്കേതത്തിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനം അനുഷ്ഠിക്കുന്ന ശ്രീ അനസ് എ എസ് നു ( PEN 805137, ജനന തീയതി-18.03.1993), ടിയാന്റെ പിതാവിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അടിയന്തര ഹൃദ്രോഗ ചികിത്സക്കായി, പരാമർശം (1), (2), (3), ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായും, അപേക്ഷകന്റെ പിതാവ് സർവ്വീസ് പെൻഷണറല്ല, പൂർണ്ണമായും അപേക്ഷകനെ ആശ്രയിച്ച് കഴിയുകയാണെന്ന് മേലധികാരി മേലൊപ്പ് വച്ച സത്യവാങ്മൂലം ലഭ്യമാണെന്ന് നിയമനാധികാരി ഉറപ്പ് വരുത്തിയതിനു ശേഷം, 3,50,000/- (മൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ രൂപ മാത്രം) പലിശരഹിത വായ്പയായി അനുവദിക്കുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95 (02)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

3). ഇപ്രകാരം അനുവദിച്ച പലിശ രഹിത ചികിത്സാ വായ്പയായ 3,50,000/- രൂപ ശ്രീ . അനസ് എ . എസ് സമർപ്പിക്കേണ്ട മെഡിക്കൽ റീ - ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകുന്നതുമാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിൽസയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ ടി

തുക ട്രഷറിയിൽ ഒടുക്കിയ ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 6 മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പതുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. കൂടാതെ, മേപ്പടി പലിശരഹിത ചികിൽസാവായ്പ ക്രമീകരിക്കുന്നതിനായി സമർപ്പിക്കുന്ന ബില്ലുകളിൽ പലിശരഹിത ചികിൽസാവായ്പാ അപേക്ഷ സമർപ്പിച്ചതിന് ശേഷമുള്ള ചികിൽസയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Sajeevan M K
അണ്ടർ സെക്രട്ടറി

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.(അപേക്ഷയും അനുബന്ധ രേഖകളും സഹിതം).

ശ്രീ അനസ് എ എസ് (ഭരണവിഭാഗം ഉപമുഖ്യവനപാലകൻ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം,തിരുവനന്തപുരം.
ജില്ല ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്( ജി2/995/2021/ആ.ക.വ തിയതി 05.08.2021 പ്രകാരം).
ധനകാര്യ വകുപ്പ് (ലോൺസ് എൽ3/233/2021/ധന, തീയതി 10.08.2021 പ്രകാരം).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Noushad S
Date: 13-08-2021 11:03:25
Reason: Approved
സെക്ഷൻ ഓഫീസർ.